കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

# കല്ലറ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/198/2020

കേരള സംസ്ഥാന ഓഡിറ്റ് വകു

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയ

തിരുവനന്തപുരം, തീയതി 02.06.202

ഫോൺ 0471-23312

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡി റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായ ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കല്ലറ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർ വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയു പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡി സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

(ഒപ്പ

ഡെപ്യൂട്ടി ഡയറക്ട

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/198/2020 തീയതി 02.06.2020

<u>തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 10.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 55എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജഹാൻ.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.01.2020 മുതൽ<br>21.01.2020 വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.സാബു.ജി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബിന്ദു. ഒ. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ശാലിനി. വി.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അൻവർ രാജ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സുജേഷ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ശാന്തകുമാർ | 01.04.2018 മുതൽ<br>31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.രാജേഷ്.എസ്.എസ് | 01.04.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി ബെറ്റി.ജെ.ട്രീസ | 9.10.18 മുതൽ 31.3.2019വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സബീന.എൻ.എം. | 01.04.2018 മുതൽ 10.10.2018 വരെ |
| | ശ്രീ.പ്രതീപ്. എസ്. | 11.10.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി നിഷാ സുകുമാരൻ | 01.04.2018 മുതൽ 21.06.2018വരെ |
| | ശ്രീ. മിറാഷ്.എ | 22.06.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പത്മകേസരി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വിദ്യ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ബി.എൻ.ബാബുരാജ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (എ-സർക്കിൾ) | ശ്രീ. ഷാനവാസ്.എസ്.(ചാർജ്) | 01.04.2018 മുതൽ 17.05.2018 വരെ |
| | ശ്രീ. റിയാസ്.എസ്. | 18.05.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (ബി-സർക്കിൾ) | ശ്രീ. ഷാനവാസ്.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സി.എം.ഷേർളി | 01.04.2018 മുതൽ 15.09.2018 വരെ |
| | ശ്രീമതി ലക്ഷ്മി.എസ്.എൽ. | 16.09.2018 മുതൽ 15.03.2019 വരെ |
| | ശ്രീമതി ആശ. ബി.നായർ | 16.03.2019 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ബിനിത.റ്റി.എ. | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ആശാലത | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.05.2018വരെ |
| | ശ്രീ. രമാദേവി.ആർ | 01.06.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൗമ്യ | 01.04.2018 മുതൽ<br>31.03.2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് പരിശോധന - അപാകതകൾ | 1-12 |
| 13 | വാർഷിക കണക്കുകളിൽ ഉൾപ്പെടാതെ 727447 /- രൂപ | 1-13 |
| 14 | ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 1-14 |
| 15 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല. | 1-15 |
| 16 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-16 |
| 17 | ഓൺലൈൻ നികുതി അടവ് അക്കൗണ്ട് ചെയ്യുന്നതിൽ കാലതാമസം | 1-17 |
| 18 | പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല. | 1-18 |
| 19 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നൽകൽ/പുതുക്കി നൽകൽ-നപടിക്രമങ്ങൾ പാലിച്ചില്ല. | 1-19 |
| 20 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 1-20 |

| | | |
|---|---|---|
| 21 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-21 |
| 22 | വസ്തു നികുതി നിർണ്ണയം- അപാകതകൾ | 1-22 |
| 23 | വസ്തു നികുതി ഇളവ് നൽകൽ- സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-23 |
| 24 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-24 |
| 25 | ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-25 |
| 26 | എസ്.എൽ.ഐ, ജി.ഐ.എസ് തുകകൾ ആനുപാതികമായി ഈടാക്കിയില്ല | 1-26 |
| 27 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ തുക ഡെപ്പോസിറ്റ് ചെയ്തു. | 1-27 |
| 28 | അംഗൻവാടി വർക്കർ/ഹെൽപ്പർ ഓണറേറിയം തുക-പ്രോജക്ട് ആവിഷ്കരിച്ചതിലെ അപാകതകൾ | 1-28 |
| 29 | സൻസദ് ആദർശ് യോജന പ്രവർത്തനങ്ങൾ-അപാകതകൾ | 1-29 |
| 30 | പി.ഡബ്ല്യൂ.ഡിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക-കണക്കുകളിൽ പൊരുത്തക്കേട് | 1-30 |
| 31 | കല്ലറ വാട്ടർഷെഡ് പഞ്ചായത്ത് വിഹിതം നൽകൽ - ആക്ഷൻ പ്ലാനിന് അംഗീകാരം ലഭിച്ചില്ല. | 1-31 |
| 32 | കിണർ റീചാർജ്ജ്- പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് നടപ്പിലാക്കി. | 1-32 |
| 33 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. | 1-33 |
| 34 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-34 |
| 35 | സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല. | 1-35 |
| 36 | ഓഡിറ്റ് ഇംപാക്ട് <br> സ്ഥാപിക്കാത്ത നെയിം ബോർഡിന് തുക അനുവദിച്ചു. 3025/- രൂപ തിരികെ ഒടുക്കുവരുത്തി | 1-36 |
| 37 | ലൈഫ് പ്രോജക്ടിന് നൽകിയ ബ്ളോക്ക് വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാനവശേഷിക്കുന്നു | 1-37 |
| 38 | എസ്സ്.സി. വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ - അപാകങ്ങൾ | 1-38 |
| 39 | പത്താം ക്ലാസ്സ് തുല്യത പഠനം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-39 |
| 40 | പഞ്ചായത്തിലെ കായിക ടീം രൂപീകരണവും പരിശീലനവും- പദ്ധതി ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. | 1-40 |
| 41 | പട്ടികജാതി വനിതകൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-41 |
| 42 | ഹരിത കർമ്മ സേന- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-42 |
| 43 | വീട് വയറിംഗ് - പ്രോജക്ട് നിർവ്വഹണത്തിൽ മാർഗ്ഗ രേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-43 |
| | | |

| | | |
|---|---|---|
| 44 | വീട് വാസയോഗ്യമാക്കൽ - പണി പൂർത്തിയാക്കിയിട്ടില്ല. | 1-44 |
| 45 | ഒരേ ആവശ്യത്തിന് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിച്ചു. മാർഗ്ഗ രേഖയുടെ ലംഘനം | 1-45 |
| 46 | ന്യൂട്രി മിക്സിന് 74460/- രൂപ അധികമായി നൽകി. | 1-46 |
| 47 | അനുപൂരക പോഷകാഹാരം പദ്ധതി - ചെലവു രേഖകൾ ഹാജരാക്കിയില്ല. 314957/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-47 |
| | ഭാഗം-2<br>വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം - 4 | |
| 48 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 49 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 50 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 52 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 53 | സ്ഥിര നിക്ഷേപം | 4-6 |
| 54 | ഓഡിറ്റ് റിക്കവറി | 4-7 |
| 55 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 56 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2018-ലെ 1- ാം നമ്പർ തീരുമാന പ്രകാര അംഗീകരിച്ചു.

ബജറ്റ്- അപാകതകൾ

1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജ

രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻപ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ (ബജറ്റ് ഫയൽ) ലഭ്യമാക്കിയിട്ടില്ല.

ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) ബജറ്റ് രൂപീകരണം – നടപടിക്രമം പാലിച്ചില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2017 ഡിസംബർ 15-ന് മുൻപ് | 23.02.2018 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018 ജനവരി 15-ന് മുൻപ് | 23.02.2018 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2018 ജനവരി 25-ന് മുൻപ് | 23.02.2018 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018 ഫെബ്രുവരി1-ന് മുൻപ് | 23.02.2018 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018 ഫെബ്രുവരി 28-ന് മുൻപ് | 21.07.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018 മാർച്ച് 1-ന് മുൻപ് | 23.02.2018 |

| | | | |
|---|---|---|---|
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018 മാർച്ച് 7-ന് മുൻപ് | 23.03.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018 മാർച്ച് 31-ന് മുൻപ് | 26.03.18 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേറ സാഹചര്യത്തിൽ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവുകൾ നടത്തിയിട്ടുണ്ടോയെന്നും ബജറ്റിര വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പഞ്ചായത്ത്‌രാജ് നിയമത്തിലെ 14-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ ബജറ്റ് തയ്യാറാക്കിയത്.

(ബി) <u>വരുമാനം ഉയർത്തിക്കാട്ടി ബജറ്റ് തയ്യാറാക്കി</u>

ബജറ്റ് പ്രകാരമുള്ള പലവരവുകളും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ

| ഇനം | 2018-19 ബജറ്റ് തുക | 2018-19 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് |
|---|---|---|
| ആഡിറ്റോറിയം, ഹാൾ എന്നിവയിൽ നിന്നുള്ള വാടക | 2,00,000 | 9500 |
| സ്ഥലം, കെട്ടിടം എന്നിവയിൽ നിന്നുള്ള വാടക | 66,00,000 | 14,80,560 |
| എന്റർടെയ്ൻമെന്റ് ടാക്സ് | 2,00,000 | 14,260 |
| പെർമിറ്റ് ഫീസ് | 6,60,000 | 1,20,736 |

(സി)<u>പരിധിയിൽ കൂടുതൽ സേവിങ്സ്</u>

ബജറ്റിൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ ഉപേക്ഷിക്കുന്നത് പണം പാഴാക്കി കളയുന്നതിന് തുല്യമാണ ഇത് മറ്റ് പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിയുമായിരുന്നു. താഴെപ്പറയുന്ന ഇനങ്ങളിൽ തു ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

| ഹെഡ്സ് കോഡ് | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 2501008 | വാട്ടർ ഷെഡ് മാനേജ്മെന്റ് | 294718 | - |
| 2516006 | സൽഭരണം | 2066490 | - |

2018-19 വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം ഗ്രാമപഞ്ചായത്ത് 2018 ഫെബ്രുവരിക്ക മുൻപായ നൽകേണ്ടിയിരുന്നു. അംഗീകരിക്കപ്പെട്ട പദ്ധതികൾക്കായി വകയിരുത്തിയ തുക കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് ചെലവ തയ്യാറാക്കേണ്ടത്.

(ഡി) <u>വകയിരുത്തിയതിൽ അധികം ചെലവ് ചെയ്തു</u>

വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്തിരിക്കുന്നു. ഏതാന ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ്ഡ് കോഡ് | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവ് ചെയ്ത തുക |
|---|---|---|---|
| 2512004 | മരുന്നുകൾ | 0 | 7,00,000 |
| 2512009 | ശുചിത്വം | 0 | 31900 |
| 250102 | കൃഷിയും അനുബന്ധ മേഖലകളും – മറ്റ് വിളകൾ | 792000 | 3827500 |

കേരളാ പഞ്ചായത്ത്രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലു ചെലവ് വരുത്തി വെക്കാൻ പാടുള്ളതല്ല. ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവ് ചെയ്യുന്നത അംഗീകരിക്കാൻ കഴിയുന്നതല്ല. ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിക്കുന്ന പക്ഷം പുതിയ പദ്ധതികൾക്കായ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജ തയ്യാറാക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുമാണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 29.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9717890 |
| വരവ് | 125309437 |
| | |

| | |
|---|---|
| ആകെ | 135027327 |
| ചെലവ് | 110050479 |
| നീക്കിയിരിപ്പ് | 24976848 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ | 0 | 19727765 | 19727765 | 19727765 | 0 |
| വികസനഫണ്ട് (SCP) | 0 | 6629932 | 6629932 | 6629932 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6883000 | 6883000 | 6883000 | 0 |
| നോൺറോഡ് | 0 | 4737303 | 4737303 | 4737303 | 0 |
| ധനകാര്യകമ്മിഷൻഗ്രാന്റ് | 0 | 8942675 | 8942675 | 8942675 | 0 |
| MGNREGS | 2304 | 674121 | 676425 | 575559 | 100866 |
| B Fund | 0 | 594840 | 594840 | 594840 | 0 |
| Joint Venture | -556804 | 10954729 | 10397925 | 9739311 | 658614 |
| Cash | 150967 | 48742 | 1997099 | 150967 | 48742 |
| സാക്ഷരത | 396443 | 48557 | 445000 | 0 | 445000 |
| SBI e- Payment | 23762 | 42940 | 66702 | 649 | 66053 |
| OwnFund | 7535868 | 13337952 | 20873820 | 996047 | 19877773 |
| SBI Life | 0 | 31667830* | 31667838 | 31598631 | 69207 |
| TSB- own fund | 1181365 | 20691920 | 21873285 | 18639274 | 3234011 |
| ICDS central share | 469952 | 314229 | 784181 | 339249 | 444932 |
| Western ghat | 514033 | 12902 | 526935 | 495285 | 31650 |

* ഇതിൽ 69,207/- രൂപ ജോയിന്റ് വെഞ്ചർ പഞ്ചായത്ത് വിഹിതമാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 172009600 | 112 | 88051313 | | 38 | |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2304 | 674121 | 676425 | 575559 | 100866 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 53273000 | 53273000 | 53273000 | 53273000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 504840 | 268 |
| കർഷകതൊഴിലാളി പെൻഷൻ | 13288400 | 1046 |
| വിധവാപെൻഷൻ | 16345900 | 1435 |
| വാർദ്ധക്യകാലപെൻഷൻ | 28837300 | 2480 |
| വികലാംഗപെൻഷൻ | 3621300 | 337 |
| വിവാഹധനസഹായം | 90000 | 3 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 458000 | 38 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8990/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം

ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം. 123/2009 ത.സ്വ.ഭവ തീയതി 02.07.2009 അനുബന്ധം 4 പ്രകാരം മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നില്ല. തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ എന്നിവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യുന്നില്ല. ഇതിനു പുറമേ ഏഴ് ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയോ ഡസ്പ്പാച്ച് വിവരം ഡയറിയിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ്

ഗ്രാമപഞ്ചായത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് തൃപ്തികരമായി പരിപാലിക്കുന്നില്ല. മിനിറ്റ്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്.

രസീത് ബുക്കുകൾ

രസീതു ബുക്കുകൾ ആവശ്യം കണക്കാക്കിയല്ല വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നത ആവശ്യത്തിലധികം രസീതു ബുക്കുകൾ നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നത് പരിശോധനയിൽ

ശ്രദ്ധയിൽപ്പെട്ടു.

രസീതു ബുക്കുകളുടെ പരിപാലനം തൃപ്തികരമാണെങ്കിലും ക്യാൻസൽ ചെയ്യുന്നവയിൽ കാരണം രേഖപ്പെടുത്തുന്നില്ല.

<u>പൊതുടാപ്പുകളുടെ ഉപയോഗം- നടപടിക്രമം പൂർണ്ണമായും പാലിച്ചിട്ടില്ല.</u>

പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടില്ല. ജലം ലഭ്യമാകുന്ന പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>പദ്ധതികളുടെ ആസൂത്രണം തൃപ്തികരമല്ല.</u>

വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ തുടങ്ങിയ നിർവ്വഹണോദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയോ ആവശ്യകതാ നിർണയം നടത്തുകയോ ചെയ്യുന്നില്ല ആയതിനാൽ പദ്ധതികൾ അപൂർണമാകുകയോ, ഗുണഭോക്താക്കളുടെ അഭാവത്തിനോ കാരണമാകുന്നു. കൂടാതെ അധികമായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങ ഫയലിൽ സൂക്ഷിക്കുന്നുമില്ല.

<u>സ്ഥാപിക്കാത്ത നെയിംബോർഡിന് തുക അനുവദിച്ചു.</u>

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ സ്ഥലപരിശോധനയിൽ സ്ഥാപിക്കാത്ത നെയിംബോർഡിന 3025/- രൂപ അനുവദിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് തുക തിരികെ ഒടുക്ക വരുത്തി.

<u>അസി.എഞ്ചിനീയർ രജിസ്റ്ററുകൾ തൃപ്തികരമായി പരിപാലിക്കുന്നില്ല.</u>

1) ടെണ്ടർ രജിസ്റ്റർ

ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഇ-ടെണ്ടർ വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

2) എഗ്രിമെന്റ് രജിസ്റ്റർ

P.A.C., Penalty for breach of contract, Agreed date of completion മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതി – തുടർപരിപാലനം തൃപ്തികരമല്ല.

പ്രോജക്റ്റ് നമ്പർ- S0121/19

പ്രോജക്റ്റിന്റെ പേര്- പൊതു കുളങ്ങൾ തോടുകൾ മാലിന്യമുക്തമാക്കൽ

അടങ്കൽ- 313037/-

ചെലവ്- 218896/-

കരാറുകാരൻ- ശ്രീ.സലിം. ജെ.

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നവീകരിച്ച കോട്ടൂർ കുളം എന്നിവർ 20.02.2020-ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ നിലവിൽ മാലിന്യങ്ങൾ നിറഞ്ഞ് (പ്ലാസ്റ്റിക്, ഇലകൾ മുതലായവ)ഉപയോഗ ശൂന്യമായ അവസ്ഥയിലാണെന്ന് കണ്ടെത്തി. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 56/21.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കുളം നെറ്റ് സ്ഥാപിക്കാതെ തുറന്ന അവസ്ഥയിലാണ് ഉള്ളത്. വേനൽക്കാലത്ത് പ്രദേശത്തെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത കുളം മാലിന്യങ്ങൾ നീക്കം ചെയ്ത് നെറ്റ് സ്ഥാപിച്ച് ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.11.2019 | 09/2019 മുതൽ 10/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.03.2016 മുതൽ 16.04.2016 വരെ | 2011-12 മുതൽ 2015-16 വരെ | 18.05.2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1458/19 തീയതി 19.08.201 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-12 രസീത് പരിശോധന- അപാകതകൾ

ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലേക്കായി 10.7.2018ൽ രസീത് ബുക്ക് നം. 17360 മുതൽ 17364 വരെയുള്ള രസീത് ബുക്കുകളും അതേ തീയതിയിൽ തന്നെ 17365 മുതൽ 17369 വരെയുള്ള 5 രസീത് ബുക്കുകളും 06.08.2018-ന രസീത് ബുക്ക് നം.17370, 17371 എന്നിവയും കൃഷി ഓഫീസർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈപ്പറ്റിയിട്ടുണ്ട്. (2018-19 വർഷ ആകെ 12 രസീതു ബുക്കുകൾ). രസീത് പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90(ബി) കുറിപ്പ് 2 പ്രകാരം ലഭ്യമാകുന്ന രസീത്ബുക്കുകളുടെ അക്കൗണ്ട സൂക്ഷിക്കേണ്ടതും ഉപയോഗിച്ചതും അല്ലാത്തതുമായ രസീത്ബുക്കുകൾ എപ്പോഴും ഹാജരാക്കുവാൻ സാധിക്കേണ്ടതുമാണ ഓരോ രസീതുബുക്കിലെയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഫ്ളൈ-ലീഫിൽ സർട്ടിഫിക്ക ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതുമാണ്. സാധാരണയായി ഒരു സമയത്ത് ഒരു രസീത് പുസ്തകം മാത്രമേ ഉപയോഗിക്കാ പാടുള്ളൂ. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഒരേ സമയം തന്നെ കൃഷി ഓഫീസർക്ക് 10 രസീതുബുക്കുകൾ നൽകിയിട്ടുണ്ട കൂടാതെ രസീതുബുക്കുകളിൽ ഒന്നും തന്നെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

2. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 പ്രകാരം രസീതുബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററി പുസ്തകം ഉപയോഗിക്കാൻ തുടങ്ങിയ തീയതി, പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. രസീ

പുസ്തകങ്ങളുടെ കൗണ്ടർ ഫോയിലുകൾ ഓഫീസ് മേധാവിയുടെ ഉത്തരവാദിത്തത്തിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ എന്നാൽ സ്റ്റോക്ക് രജിസ്ററർ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

രസീത് ബുക്ക് നമ്പർ 17362-ൽ രസീത് നം. 1,2 എന്നിവയുടെ ഒറിജിനലും, ഡ്യൂപ്ളിക്കേറ്റും രസീത് ബുക്കിനോടൊപ്പ ലഭ്യമാക്കിയിട്ടില്ല. കളക്ഷൻ രജിസ്റ്റർ പ്രകാരം പ്രസ്തുത രസീതുകൾ പ്രകാരം ആകെ 1500 രൂപ കളക്റ്റ് ചെയ്തിട്ടുണ്ട്(750 രൂ വീതം). രസീതുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

17.10.2017-ൽ നൽകിയ രസീത് ബുക്ക് നം. 17339 മുതൽ 17344 വരെയുള്ള 5 രസീത് ബുക്കുകളിൽ 17344-ാം നം. രസീ ബുക്ക് 2017-18 വർഷം ഉപയോഗിച്ചിട്ടില്ലാത്തതായും പ്രസ്തുത റസീപ്റ്റ് ബുക്കിന്റെ രസീത് നം. 1ന്റെ ഡ്യൂപ്ളിക്കേ നഷ്ടപ്പെട്ടതായും ആയതിന്റെ ഒറിജിനൽ ക്യാൻസൽ ചെയ്തതായും രസീത് നം. 2 ക്യാൻസൽ ചെയ്തതായും കാണുന്ന പ്രസ്തുത രസീത് ബുക്ക് നിർവ്വഹണ ഉദ്യോഗസ്ഥ പഞ്ചായത്തിൽ തിരികെ നൽകിയിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുന്നത് അവയുടെ ക്രമ നമ്പ അടിസ്ഥാനത്തിലായിരിക്കണം. എന്നാൽ രസീതുബുക്കുകൾ ക്രമ നമ്പർ പ്രകാരമല്ല ഉപയോഗിച്ചിരിക്കുന്നത ഉദാഹരണമായി രസീത് ബുക്ക് നമ്പർ 17365 ഉപയോഗിച്ച് 17.7.2018-ലെ ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുകയും 1736 ഉപയോഗിച്ച് 18.7.2018ലെ ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുകയും ചെയ്തിരിക്കുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 48 ന് 1200 ഗുണഭോക്താക്കളോളം ഉണ്ടായിരുന്നതിനാലാണ് 1 രസീതുബുക്കുകൾ പഞ്ചായത്തിൽ നിന്ന് വാങ്ങിയതെന്നും അടുത്ത സാമ്പത്തികവർഷം മുതൽ എല്ലാ രസീത് ബുക്കുകളില സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നതാണെന്നും കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. പെർഫോമൻസ് ഓഡി വേളയിൽ രസീത് ബുക്ക് നം. 17362 പ്രകാരമുള്ള രസീത് നം.1,2 എന്നിവ ഉണ്ടായിരുന്നുവെന്നും അത് നഷ്ടപ്പെട്ടുപോയ എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ പക്കൽ നിന്നും ഈടാക്കിയ തുകയുടെ കൃത്യ ഉറപ്പാക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്ന് സാക്ഷ്യപത്രം വാങ്ങി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട രസീത് ബുക്കിന്റെ ക്രമനമ്പരിൽ തന്നെ രസീതുകൾ എഴുതണമെന്ന് അറിവില്ലായിരുന്നുവെന്നുമാണ് മറുപട ലഭ്യമാക്കിയിരിക്കുന്നത്.

രസീതുകൾ കൈകാര്യം ചെയ്യുമ്പോൾ കേരള ഫിനാൻസ് കോഡ്, ട്രഷറി കോഡ്, പഞ്ചായത്ത് അക്കൗണ്ടിം ചട്ടങ്ങൾ 2011 എന്നിവ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 വാർഷിക കണക്കുകളിൽ ഉൾപ്പെടാതെ 727447 /- രൂപ

പഞ്ചായത്ത് കമ്മിറ്റിയുടെ 25.3.2019-ലെ തീ 4(1)പ്രകാരം 28.9.2007ൽ ഗ്രാപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ കല്ല ഐ.ഒ.ബി ബ്രാഞ്ചിൽ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം. 036301000000150) ക്രയവിക്രയങ്ങളൊന്ന ഇല്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 727447 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക ട്രാൻസ്ഫർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് ഏതിനത്തിലെ വരവാണെന്നും പ്രസ്തുത അക്കൗണ്ടിന്റെ വിവര എ.എഫ്.എസിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32-ന 2007-ൽ കല്ലറ ഐ.ഒ.ബിയിൽ വന്ന തുകയാണിതെന്നും ക്രയവിക്രയങ്ങൾ നടക്കാതിരുന്നതിനാൽ ബാങ്ക് അധികൃത

അറിയിച്ചതിനു ശേഷമാണ് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത ഓഫീസിലെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത തുക ഏതിനത്തിലാണ് ബാങ്കിൽ വന്നതെന ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ലായെന്നാണറിയിച്ചിരിക്കുന്നത് 2018-19-ൽ എ.എഫ്.എസ് തയ്യാറാക്കുന്ന വേളയിര ശ്രദ്ധയിൽപ്പെടാത്തതിനാലാണ് മേൽത്തുക സസ്പെൻസ് അക്കൗണ്ടിൽ ഉൾപ്പെടുത്താൻ വിട്ടുപോയതെന്നു വരുംവർഷങ്ങളിൽ പ്രസ്തുത തുക എ.എഫ്.എസിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ അറിയിച്ചിരിക്കുന്നത്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

28/9/2013-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. കല്ലറ ഗ്രാമപഞ്ചായത്തിര അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ 45 മരാമത്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 60384/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തു തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3( പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുത്ത തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ കല്ലറ ഗ്രാമ പഞ്ചായത്തിൽ 2018-19 കാലയളവിൽ അസിസ്റ്റന എഞ്ചിനീയർ നടപ്പിലാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക ഒടുക്കിയിട്ടുള്ള തുകയുടെ ഒരു ശതമാനം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക (25/14.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇപ്രകാരം ഒടുക്കുവരുത്തുന്ന തുകയുടെ ഒരു ശതമാനം തനര ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-16 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിര പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത ചുവടെപ്പറയുന്ന കരാറുകാരിര നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ | കരാറുകാരുടെ പേരും വിലാസവും |
|---|---|

| നമ്പർ | |
|---|---|
| 1 | ശ്രീ.എം.ജെ.സലിം, തച്ചോണം ഹൗസ്, പാലുവള്ളി |
| 2 | ശ്രീ.എസ്.ജയകുമാർ,ഇളയിടത്ത് ഹൗസ്, കല്ലറ |
| 3 | ശ്രീ.വിജയസേനൻ നായർ, ജയനിലയം, ചെല്ലഞ്ചി |
| 4 | ശ്രീ.എസ്.വിനോദ്, ആറ്റുകടവിൽ വീട്, പേരയം |
| 5 | ശ്രീ.മനോഹരൻ നായ്യ, ഉത്രാടം, പനവൂർ പി.ഓ |
| 6 | ശ്രീ.എം.സലാഹുദ്ദീൻ, തൻസീർ ഹൗസ്, അഴിക്കോട് |
| 7 | ശ്രീ.എസ്.അരുൺ, അരുൺ ഭവൻ, വെഞ്ഞാറമൂട് |
| 8 | ശ്രീ.ശശിധരൻ നായർ, കെ.വി.ബംഗ്ലാവ്, കല്ലറ പി.ഓ |
| 9 | ശ്രീ.എൻ.എസ്.ഷംനാദ്, രത്നഗിരി, ചെറുവാളം |
| 10 | ശ്രീ.കെ.ബി.മനോജ്,കമലാ ഭവൻ, നെടുമങ്ങാട് |
| 11 | ശ്രീ.സി.ബി.അനി, എം.സി.ബി മന്ദിരം, ആനാക്കുടി |
| 12 | ശ്രീ.ആർ.ശിവദാസൻ, ഇടത്തറ വീട്, വെഞ്ഞാറമൂട് |
| 13 | ശ്രീ.ജെ.രജനി, രാജ് ഭവൻ, കല്ലറ |
| 14 | ശ്രീ.ബി.അനീഷ്, അനീഷ് ഭവൻ, കളമച്ചൽ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.39/17.1.2020-ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരും, ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരും തുടർച്ചയായ 60 ദിവസം തൊഴിലിൽ ഏർപ്പിട്ടിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നാൽ തൊഴിൽ നികുതി ഒടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 1996-ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കരാറുകാർക്ക് നോട്ടീസ് നൽകുകയോ കരാറുകാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽസാഹചര്യത്തിൽ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-17 ഓൺലൈൻ നികുതി അടവ് അക്കൗണ്ട് ചെയ്യുന്നതിൽ കാലതാമസം

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കല്ലറ ശാഖയിൽ 37236405610 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയ്ക്കുള്ള സഞ്ചയ ഓൺലൈൻ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | പിഴപ്പലിശ | ആകെ തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|---|---|
| 06.04.18 | 691 | 0` | 691 | 16.04.18 |

| | | | | |
|---|---|---|---|---|
| 13.04.18 | 1260 | 24 | 1284 | 19.04.2018 |
| 23.05.18 | 171 | 0 | 171 | 30.05.2018 |
| 01.09.18 | 1220 | 0 | 1220 | 07.09.2018 |
| 03.09.18 | 137 | 0 | 137 | 07.09.2018 |
| 20.10.2018 | 641 | 44 | 685 | 09.11.2018 |
| 26.11.2018 | 1617 | 17 | 1634 | 06.12.2018 |
| 28.11.2018 | 1417 | 14 | 1431 | 06.12.2018 |
| 29.11.2018 | 8 | 1 | 9 | 06.12.2018 |
| 04.12.2018 | 1014 | 15 | 1029 | 12.12.2018 |
| 09.12.2018 | 111 | 2 | 113 | 18.12.2018 |
| 12.12.2018 | 69 | 1 | 70 | 18.12.2018 |
| 14.12.2018 | 484 | 0 | 484 | 18.12.2018 |
| 24.01.2019 | 2122 | 41 | 2163 | 05.02.2019 |
| 25.02.2019 | 1106 | 0 | 1106 | 23.03.2019 |
| 01.03.2019 | 171 | 0 | 171 | 23.03.2019 |
| 14.03.2019 | 462 | 0 | 462 | 30.03.2019 |
| 26.03.2019 | 473 | 0 | 473 | 09.04.2019 |

ഈ സാങ്കേതിക പിഴവ് മൂലം സാംഖ്യ അക്കൗണ്ടിംഗ് പ്രകാരമുള്ള കണക്കുകളും സഞ്ചയയിലെ വസ്തുനികുത കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. 26.03.2019-ൽ അടവാക്കിയ തുക സാമ്പത്തിക വർഷ അവസാനിച്ച് 09.04.2019- ൽ ആണ് പഞ്ചായത്തിൽ ലഭ്യമായത്. പരിഹാര നടപടികൾക്കായി ഈ വിഷയ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ, ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒ മാസത്തിനകം അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ, പ്ലാ എന്നിവ അംഗീകരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയു ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയ തീയതി | നൽകേണ്ടിയിരുന്ന തീയതി |
|---|---|---|---|---|
| 1 | A2-2847<br>05-04-18 | ശ്രീ.നവാസ്.എസ് | 16-05-2018 | 04-05-2018 |
| 2 | A2-2593<br>18-04-18 | ശ്രീ.വി.പി.ദീപു | 29-05-2018 | 17-04-2018 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | A2-3194<br>10-05-18 | ശ്രീ.സുരേഷ് കുമാർ | 21-06-2018 | 09-06-2018 |
| 4 | A2-4074<br>18-06-18 | ശ്രീ.ഗോപു | 17-08-2018 | 17-07-2018 |
| 5 | A6-4175<br>21-06-18 | ശ്രീ.സുൾഫിക്കർ | 07-08-2018 | 20-07-2018 |
| 6 | A6-4977<br>09-07-18 | ശ്രീമതി.കെ.എൽ.പ്രിയ | 18-08-18 | 08-08-18 |
| 7 | A6-5150<br>16-07-18 | ശ്രീ.ആർ.ബി.വിനോദ് | 04-09-18 | 15-08-18 |
| 8 | A6-5268<br>18-07-18 | ശ്രീമതി.മറിയം ബീവി | 11-09-18 | 17-08-18 |

നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാതിരുന്നതിന്റെ കാരണ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നമ്പ്ര 34/16-01-2020) എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും മറുപ ലഭിക്കാൻ വൈകിയതാണെന്ന് വിശദീകരിക്കുന്നു. പ്രസ്തുത മറുപടി പരിഗണനാർഹമല്ല. വരും വർഷങ്ങളി സമയബന്ധിതമായി പെർമിറ്റ് അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ സെക്രട്ടറിയും എഞ്ചിനീയറിംഗ് വിഭാഗവു ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നൽകൽ/ പുതുക്കി നൽകൽ-നപടിക്രമങ്ങൾ പാലിച്ചില്ല

1999-ലെ കേരള പഞ്ചായത്ത്‌രാജ് ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ചട്ടങ്ങൾ ചട്ടം 3 പ്രകാരം സ്ഥാപ രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥ സന്ദർശനം നടത്തി സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം, തറ വിസ്തീർണം, അദ്ധ്യാപകരുടെയു വിദ്യാർത്ഥികളുടെയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ ബോധിപ്പിച്ചിരിക്കുന്ന മറ്റ് വിവരങ്ങളു നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് എഴു തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി രജിസ്ട്രേഷൻ നൽകൽ/പുതുക്കി നൽകൽ എന്നിവ സംബന്ധിച്ച തീരുമാന കൈക്കൊള്ളേണ്ടത് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴു സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം രജിസ്ട്രേഷൻ ലൈസൻസ് നൽകിയിട്ടു ചുവടെപ്പറയുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| | | |

| | | |
|---|---|---|
| 1 | ശ്രീമതി.ആർ.വി.ധന്യാറാണി | ഐ.റ്റി.അക്കാഡമി |
| 2 | ശ്രീമതി.മോഹനകുമാരി, ഗോകുലം | ടാലന്റ്, കല്ലറ |
| 3 | ശ്രീ.വിദ്യാസാഗർ, മിതൃമ്മല | വിദ്യാസാഗർ |
| 4 | ശ്രീ.വിജയകുമാർ, സൗപർണ്ണിക | കണക്ക്, സയൻസ് സ്പെഷ്യൽ ട്യൂഷൻ |
| 5 | ശ്രീമതി.ജ്യോതി ലക്ഷ്മി | ഹൈനസ് കോളേജ് |
| 6 | ശ്രീമതി.പ്രമീള | സ്മാർട് കിഡ്സ് ക്രിയേഷൻ |
| 7 | ശ്രീ.എച്ച്.എൽ. അഫ്സൽ | എക്സൽ പി.എസ്.സി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/14-01-2020) വരും വർഷങ്ങളിൽ പ്രസ്തുത അപാക ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-20 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1997-ലെ കേരള പഞ്ചായത്ത്രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയു രജിസ്ട്രേഷൻ ചട്ടങ്ങൾ ചട്ടം 3 പ്രകാരം സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനമോ രജിസ്ട്രേഷൻ രജിസ്ട്രേഷൻ പുതുക്കൽ അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേ സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടങ്ങളുടെ ശുചിത്വം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളു നിജസ്ഥിതി എന്നിവ സംബന്ധിച്ച് അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ അപേക്ഷയിലെ വിശദാംശങ്ങൾ/അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് സെക്രട്ട രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ എന്നിവ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത്. എന്നാൽ തൻവർഷ ലൈസൻസ് നൽകിയ/പുതുക്കിയ അപേക്ഷകളിലൊന്നും ഇപ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് ഉൾകൊള്ളിച്ചിട്ടില്ല. ഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/16-01-2020) വിശദീകരണം ലഭ്യമാക്കിയില്ല. വ വർഷങ്ങളിൽ ഇക്കാര്യത്തിലെ നടപടിക്രമങ്ങൾ പൂർണ്ണമായി അനുവർത്തിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

2018-19 വർഷത്തെ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതക ചുവടെ ചേർക്കുന്നു.

എ) 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ വിവിധ വാർഡുകളിലായി ചുവടെപ്പറയും പ്രകാരം 448 വ്യാപാര സ്ഥാപനങ്ങ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്.

| വാർഡ് നമ്പർ | വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം |
|---|---|

| | |
|---|---|
| I | 158 |
| II | 158 |
| III | 7 |
| IV | 2 |
| V | 1 |
| VI | 3 |
| VII | 5 |
| VIII | 3 |
| IX | 2 |
| X | 6 |
| XI | 13 |
| XII | 27 |
| XIII | 4 |
| XIV | 2 |
| XV | 25 |
| XVI | 7 |
| XVII | 25 |
| ആകെ | 448 |

2) എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 360 സ്ഥാപനങ്ങൾക്ക് മാത്രമാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത 88 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ തൻവർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെന്ന് ഇതിൽ നിന്നു വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/13.01.2020) കെട്ടിട ഉടമകൾ സമ്മത പത്ര നൽകാൻ വിസമ്മതിക്കുന്നതായി സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികൾ അറിയിച്ചതായും ഇക്കാരണത്താലാണ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കി നൽകാതിരുന്നതെന്നും ഗ്രാമപഞ്ചായത്ത് വിശദീകരിക്കുന്നു. പ്രസ്തു വിശദീകരണം പരിഗണനാർഹമല്ല. പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ സ്റ്റോപ്പ് നോട്ടീസ് നൽകുന്നതുൾപ്പെടെയുള നടപടികൾ ഗ്രാമപഞ്ചായത്ത് അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

3) 2017-18 വർഷം ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല. പിരിവിനായി ചുമതലപ്പെട്ട വിവി ഉദ്യോഗസ്ഥർ വെവ്വേറെ രജിസ്റ്ററുകൾ ആണ് പരിപാലിച്ചിരിക്കുന്നത്. ഇക്കാരണത്താൽ 2017-18 വർഷം ലൈസൻ എടുത്ത എല്ലാ സ്ഥാപനങ്ങൾക്കും 2018-19 വർഷം ലൈസൻസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. വരും വർഷങ്ങളി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യാക (എൻക്വയറി നമ്പർ 21)

4) ആകെ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ള 360 അപേക്ഷകളിൽ 125 അപേക്ഷകൾ തെരഞ്ഞെടുത്ത് പരിശോധ നടത്തിയതിൽ ചുവടെപ്പറയുന്ന അപൂർണ്ണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകിയതായ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

| | | | | |
|---|---|---|---|---|

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വ്യാപാര സ്ഥാപനത്തിന്റെ പേര് | അപേക്ഷകന്റെ പേര് | അപാകത |
|---|---|---|---|---|
| 1 | 1/420 D | ഗ്ലാസ്, അലുമിനിയം വിൻഡോ ഫിക്സിംഗ് | ശ്രീ.വി.ആർ.അനന്തകൃഷ്ണൻ | ശരാശരി വിറ്റ് വരവ്, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 2 | 1/414 | അക്വേറിയം അക്സസ്സറീസ് | ശ്രീമതി.എ.എൻ.നിജ്ജമോൾ | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 3 | II/166, 167 | ഓൺലൈൻ സർവ്വീസസ് | ശ്രീ.ജി.എസ്.ശിവപ്രസാദ് | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 4 | 1/725 | മെഡിക്കൽ സ്റ്റോർ | ശ്രീ.എസ്.ഷിബിൻ മുഹമ്മദ് | ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല |
| 5 | 1/694, 695 | വെസ്സൽസ് ഷോപ്പ് | ശ്രീ.പി.ശ്രീകുമാർ | ശരാശരി വിറ്റ് വരവ്, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പ 21/13-01-2020) ലഭ്യമാക്കിയ മറുപടിയിൽ വരും സാമ്പത്തിക വർഷങ്ങളിൽ മേൽ അപാകത പരിഹരിക്കുന്നതാണെന വിശദീകരിച്ചിട്ടുണ്ട്. മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 വസ്തു നികുതി നിർണയം- അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ, അസസ്സ്മെന്റ് രജിസ്റ്റർ, മ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ) പെർമിറ്റ്, നികുതി നിർണയം എന്നിവയ്ക്ക് വെവ്വേറ ഫയലുകൾ സൂക്ഷിക്കുന്നു.</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒ കെട്ടിടത്തിന്റെ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണയിക്കൽ തുടങ്ങിയവയെല്ലാം ഒറ്റ ഫയലായ കൈകാര്യം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ആകെ പെർമിറ്റ് നൽകി ഫയലുകളിൽ 20 എണ്ണം തെരഞ്ഞെടുത്ത് പരിശോധന നടത്തിയതിൽ ചുവടെപ്പറയുന്ന കെട്ടിടങ്ങളുടെ കാര്യത്തി പെർമിറ്റ് വിവരങ്ങൾ, നികുതി നിർണയം എന്നിവ വ്യത്യസ്ത ഫയലുകളിലാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ഏതാനു ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് ഫയലിന്റെ നമ്പർ | നികുതി നിർണ്ണയം നടത്തിയ ഫയൽ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | ശ്രീമതി.റജീദ് ബീവി | A6-1123/18 | A6-6381/18 | 7/369ബി |
| 2 | ശ്രീ.വിനുകുമാർ | A6-5305/17-18 (51) | A6-1280/18 | 8/376 എ |
| 3 | ശ്രീമതി.നിമ്മിസൂര്യൻ.ആർ.എസ് | A6-2941/17-18 (1) | A6-5357/18 | 9/395 എ |
| 4 | ശ്രീ.ശ്യാംകുമാർ.എൻ.എ | A6-10599/ 16-17(93) | A6-3987/18 | XI/615 A |

ബി) മേഖലാ വിഭജനം സംബന്ധിച്ച മാപ്പ് സൂക്ഷിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 7 പ്രകാര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ വിവിധ മേഖലകളാക്കി തരം തിരിക്കേണ്ടതു ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന മാപ്പ് ഓഡിറ്റ് എൻക്വയറി (നമ്പ 35) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

സി) നികുതി നിർണ്ണയം- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11(1) (2 എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായ വസ്തു നികുതി റിട്ടേൺ 10 -ാം ചട്ടം രണ്ടാം ഉപചട്ടം പ്രകാരം സെക്രട്ട പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ട അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം 2 ൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ചട്ടത്തിലെ ചട്ടം 12 (4 അനുശാസിക്കും പ്രകാരം കെട്ടിട ഉടമ വസ്തു നികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി/അധികാരപ്പെടുത്തി ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം സ്ഥലം സന്ദർശിച്ച് ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമികം, ദ്വിതീയം തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്ക എന്നിവയുടെ കൃത്യതയും ഉറപ്പാക്കി ആവശ്യമായ വിവരങ്ങൾ ഫോറം നമ്പർ 6 ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയം നടത്തി വിവരം അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ച സോഫ്റ്റ്‌വെയറിൽ updation നടത്തേണ്ടത്. എന്നാൽ ചുവടെപ്പറയുന്ന അപേക്ഷകളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | ശ്രീമതി.ആർ.എസ്. നിമ്മി സൂര്യൻ | IX/395 | ഫോറം നമ്പർ 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫോറം നമ്പർ 2 ൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി നികുതി നിർണയം നടത്തിയിട്ടില്ല. കെട്ടിടം സ്ഥിതി ചെയ്യുന്നത് ഫോറം 2 ൽ ദ്വിതീയ മേഖലയെന്നും സോഫ്റ്റ് വെയറിൽ പ്രാഥമിക മേഖല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | ശ്രീ.പുരുഷോത്തമൻ പിള്ള | XV/156 A,B,C | ഫോറം 2 ൽ മേൽക്കൂരയുടെ തരം, എയർ കണ്ടീഷൻഡ് സംവിധാനം എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തിൽ |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടില്ല |
| 3 | ശ്രീ.ആർ.വിഷ്ണു | XVI/154 B | ഫോറം 2 ൽ കെട്ടിടത്തിന്റെ കാലപ്പഴക്കം, മേൽക്കൂരയുടെ തരം, തറ നിർമ്മിതിയുടെ തരം എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തലില്ല |
| 4 | ശ്രീമതി.ചന്ദ്രിക | XII/569 A | ഫോറം നമ്പർ 6 ൽ കെട്ടിടത്തിന്റെ മേൽക്കൂര, കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, എയർ കണ്ടീഷനിംഗ് സംവിധാനം, കെട്ടിടത്തിന്റെ ഉപയോഗ ക്രമം എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തലില്ല. |
| 5 | ശ്രീമതി.നളിനാക്ഷി അമ്മ | X/458 | ഫോറം നമ്പർ 6 കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, ആകെ വിസ്തീർണ്ണം എന്നിവ ഒഴികെയുള്ള രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല. |
| 6 | ശ്രീമതി.അബ്ദുൾ ബഷീർ | XIV/235 ബി | ഫോറം നമ്പർ 6 നമ്പറിംഗ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല |
| 7 | ശ്രീ.വിക്രമൻ പിള്ള | II/541 ബി | ഫോറം നമ്പർ 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 8 | ശ്രീ.ശ്യാംകുമാർ | XI/615 A | ഫോറം നമ്പർ 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല |

മേൽ രേഖകളുടെ അഭാവത്തിൽ നികുതി നിർണയത്തിന്റെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ ഉറപ്പ് വരുത്താ സാധിച്ചില്ല. വരും വർഷങ്ങളിൽ പ്രസ്തുത രേഖകൾ സൂക്ഷിക്കുന്നതിലും ഇവ സംബന്ധിച്ച രേഖപ്പെടുത്തലുക വരുത്തുന്നതിലും ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പ്ര 35/16-01-2020) ലഭ്യമാക്കിയ മറുപടിയി വിശദീകരിക്കുന്നു. നികുതി നിർണയം സംബന്ധിച്ച നടപടിക്രമങ്ങളിൽ കൃത്യത പുലർത്തുവാൻ ഗ്രാമപഞ്ചായത്ത് ജാഗ്ര പുലർത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

# 1-23 വസ്തു നികുതി ഇളവ് നൽകൽ- സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

(സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക് വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവു മാർച്ച് 31 ന് മുമ്പായി സമർപ്പിക്കേണ്ട) നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തി സമർപ്പിക്കേണ്ടതാണ്. എന്നാൽ ചുവടെ കെട്ടിട ഉടമകൾ നികുതി ഇളവ് ലഭിച്ച കെട്ടിടങ്ങൾക്കായി ഉടമസ്ഥ ഹാജരാക്കിയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായില്ല.

| ക്ര നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | X/178 | ശ്രീ.രാജേന്ദ്രൻ പിള്ള |
| 2 | XI/535 | ശ്രീ.എസ്.എസ്.ബിജു |
| 3 | XI/238 | ശ്രീ.ബി.ആർ.രവീന്ദ്രകുറുപ്പ് |
| 4 | XII/191 | ശ്രീ.വിശ്വംഭരൻ നായർ |

| | | |
|---|---|---|
| 5 | XII/118 | ശ്രീ.ജി.മോഹനൻ |
| 6 | XII/57 | ശ്രീ.രാജേന്ദ്രൻ നായർ |
| 7 | XII/266 | ശ്രീ.എസ്.മോഹനൻ |
| 8 | XV/52 | ശ്രീ.കെ.വാസുദേവൻ നാടാർ |
| 9 | XV/602 | ശ്രീ.ചെല്ലപ്പൻ പിള്ള |
| 10 | XV/672 | ശ്രീ.ബി.ബാബു |
| 11 | XV/53 | ശ്രീ.കെ.നകുലൻ നാടാർ |
| 12 | XV/393 | ശ്രീ.കൃഷ്ണൻ നായർ |
| 13 | XV/744 | ശ്രീ.വി.ശ്രീകുമാർ |
| 14 | XV/229 | ശ്രീ.എസ്.രാജേന്ദ്രകുമാർ |
| 15 | XV/578 A | ശ്രീ.മധുസൂധനൻ പിള്ള |
| 16 | XV/621 | ശ്രീ.ഭാസ്കരൻ നായർ |
| 17 | XV/389 | ശ്രീ.ജയകുമാർ |
| 18 | XV/460 | ശ്രീ.ജി.ചന്ദ്രശേഖരൻ നായർ |
| 19 | XV/218 | ശ്രീ.കൃഷ്ണൻ ഉണ്ണിത്താൻ |
| 20 | XV/528 | ശ്രീ.എം.രാജശേഖരൻ നായർ |
| 21 | XV/217 | ശ്രീ.രാജേന്ദ്രൻ നായർ |
| 22 | XV/64 | ശ്രീ.കമലാസനനൻ |
| 23 | XV/380 | ശ്രീമതി.പി.ബിന്ദു |
| 24 | XV/363 | ശ്രീ.സോമശേഖരൻ നായർ |
| 25 | XV/716 | ശ്രീ.രവികുമാർ |
| 26 | XV/237 | ശ്രീ.അപ്പുക്കുട്ടൻ പിള്ള |
| 27 | XV/229 | ശ്രീ.എസ്.രാജേന്ദ്രകുമാർ |
| 28 | XV/652 | ശ്രീ.കൃഷ്ണൻകുട്ടിനായർ |
| 29 | XV/396 | ശ്രീ.അനിൽകുമാർ |
| 30 | XV/582 | ശ്രീ.സുനിൽകുമാർ |
| 31 | XVI/418 | ശ്രീ.സൂര്യൻ |
| 32 | XVI/152 | ശ്രീ.റ്റി.രാമചന്ദ്രൻ നായർ |
| 33 | XVI/48 | ശ്രീ.ഗോപാലകൃഷ്ണ പിള്ള |
| 34 | XVI/181 | ശ്രീ.കെ.മുരളീധരൻ |
| 35 | XVI/445 | ശ്രീ.കരുണാകരൻ പിള്ള |
| 36 | XVI/482 | ശ്രീ.കെ.ശ്രീധരൻ നായർ |
| 37 | XVI/78 | ശ്രീ.ഉണ്ണികൃഷ്ണൻ നായർ |
| 38 | XVI/267 | ശ്രീ.റ്റി.എസ്.ഹരീഷ് |
| 39 | XVI/469 | ശ്രീ.വി.ബാലൻ പിള്ള |
| 40 | XVI/413 A | ശ്രീ.വിജയകുമാർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36/16-01-2020) പ്രസ്തുത അപേക്ഷകൾ കണ്ടെത്ത ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല.

2018-19 വർഷം ചുവടെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | വാർഷിക നികുതി | നാളിതുവരെ കുടിശ്ശിക നിലനിൽക്കുന്ന തുക (പിഴപ്പലിശ ഉൾപ്പെടെ) | റിമാർക്സ് |
|---|---|---|---|
| 1/7 (BSNL) | 5775 | 40425+14300=54725 | 2013-14 മുതൽക്കുള്ള നികുതി കുടിശ്ശികയാണ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/17-01-2020) ആർ.ആർ നോട്ടീസ് നൽകിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കാനുള്ള സമയബന്ധിതമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 1-25 ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ഉത്തരവ് നമ്പർ 07/2016/ഫിൻ തീയതി 20.01.2016 പ്രകാരം 01.04.2013-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ചുവടെപ്പറയുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക 2018-19 വർഷം (മൂന്ന്, നാല് ഗഡുക്കൾ) അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നം | പേര് | തസ്തിക | മൂന്നാം ഗഡു | വൗച്ചർ നമ്പർ, തീയതി | നാലാം ഗഡു | വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1 | ശ്രീ.ചന്ദ്രമോഹനൻ നായർ | സെക്രട്ടറി | 31662 | 21800182 16-05-18 | 30542 | 21801226 15-02-2019 |
| 2 | ശ്രീ.എം.അഷ്റഫ് | അസി.സെക്രട്ടറി | 21479 | 2180010 16-05-18 | 20718 | 21800681 01-10-18 |
| 3 | ശ്രീ.മോഹൻദാസ് | ജൂനി.സൂപ്രണ്ട് | 29627 | 2180079 17-04-18 | 28581 | 21800681 01-10-18 |
| 4 | ശ്രീ.എസ്.റീജ | അക്കൗണ്ടന്റ് | 15963 | 2180010 16-05-18 | 15399 | 21800683 01-10-18 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ശ്രീമതി.ഷീജ.പി | സീനിയർ ക്ലാർക്ക് | 14963 | 21800180 16-05-18 | 14435 | 21800684 01-10-18 |
| 6 | ശ്രീമതി.പ്രീന.ആർ.എസ് | സീനിയർ ക്ലാർക്ക് | 14207 | 21800181 16-05-18 | 13704 | 21800685 01-10-18 |
| 7 | ശ്രീ.എം.ഷിഹാബുദ്ദീൻ | സീനിയർ ക്ലാർക്ക് | 9662 | 21800180 16-05-18 | 9320 | 21800686 01-10-18 |
| 8 | ശ്രീമതി.ഇന്ദിര | സീനിയർ ക്ലാർക്ക് | 24460 | 2180079 17-04-18 | 23596 | 21800687 01-10-18 |
| 9 | ശ്രീമതി.ഷാജിനിസ്സ | ക്ലാർക്ക് | 11916 | 21800180 16-05-18 | 11496 | 21800688 01-10-18 |
| 10 | ശ്രീ.എസ്.പി.രാജീവ് | ക്ലാർക്ക് | 1356 | 21800180 16-05-18 | 1306 | 21800689 01-10-18 |
| 11 | ശ്രീ.രാഹുൽകൃഷ്ണ | ക്ലാർക്ക് | 1328 | 21800180 16-05-18 | 1280 | 21800690 01-10-18 |
| 12 | ശ്രീമതി.സി.മിനിമോൾ | ഓഫീസ് അസിസ്റ്റന്റ് | 14097 | 21800180 16-05-18 | 13599 | 21800691 01-10-18 |
| 13 | ശ്രീമതി.എസ്.ഷൈനി | ഓഫീസ് അസിസ്റ്റന്റ് | 3793 | 21800180 16-05-18 | 3659 | 21800692 01-10-18 |
| 14 | ശ്രീ.പ്രസന്നകുമാർ | എഫ്.ടി.എസ് | 15505 | 21800079 17-04-18 | 14596 | 21800693 01-10-18 |
| 15 | ശ്രീമതി.നസീമബീവി | എഫ്.ടി.എസ് | 16967 | 21800079 17-04-18 | 16368 | 21800694 01-10-18 |
| 16 | ശ്രീ.പോൾ വർഗ്ഗീസ് | എഫ്.ടി.എസ് | 13353 | 21800079 17-04-18 | 12882 | 21800695 01-10-18 |
| 17 | ശ്രീ.ബേബി | പി.റ്റി.എസ് | 6973 | 21800180 16-05-18 | 6727 | 21800696 01-10-18 |
| 18 | ശ്രീ.ജോയ് | പി.റ്റി.എസ് | 7853 | 21800180 16-05-18 | 7574 | 21800697 01-10-18 |
| 19 | ശ്രീമതി.പൊന്നു | പി.റ്റി.എസ് | 7770 | 21800079 17-04-18 | 7496 | 21800698 01-10-18 |

ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 എസ്.എൽ.ഐ, ജി.ഐ.എസ് തുകകൾ ആനുപാതികമായി ഈടാക്കിയില്ല.

ജി.ഓ (പി)149/2016/ധന തീയതി 04.10.2016 പ്രകാരം 01.01.2017 മുതൽ പ്രാബല്യത്തിൽ എസ്.എൽ.ഐ യുടെയു

ജി.ഓ.(പി)112/2016/ധന തീയതി 01.08.2016 പ്രകാരം ജി.ഐ.എസിന്റേയും ശമ്പളത്തിൽ നിന്നും ആനുപാതികമായ ഈടാക്കേണ്ട നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന ജീവനക്കാരുടെ മേൽ പരാമർശിച്ച ഇൻഷ്വറൻസ് തുകകൾ ആനുപാതികമായി ഈടാക്കിയിട്ടില്ല വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ എസ്.എൽ.ഐ തുക | ഈടാക്കേണ്ടിയിരുന്ന തുക | ഈടാക്കിയ ജി.ഐ.എസ് തുക | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| ശ്രീ.പി.സുനിൽ (അസി.സെക്രട്ടറി) | 39500 | 100 | 500 | 50 | 500 |
| ശ്രീ.ബി.സുദേനൻ (അക്കൗണ്ടന്റ്) | 33900 | 150 | 300 | നിയമാനുസൃതം ഈടാക്കി | |
| ശ്രീമതി.ബി.ജയശ്രീ (സീനിയർ ക്ലർക്ക്) | 33100 | 250 | 300 | നിയമാനുസൃതം ഈടാക്കി | |
| ശ്രീമതി.പി.ഷീജ (സീനിയർ ക്ലർക്ക്) | 29900 | 200 | 300 | നിയമാനുസൃതം ഈടാക്കി | |
| ശ്രീ.പി.എസ്.ജയകുമാർ (ക്ലർക്ക്) | 34800 | 150 | 300 | നിയമാനുസൃതം ഈടാക്കി | |
| ശ്രീമതി.എസ്.ആർ.സരിത (ഓഫീസ് അസിസ്റ്റന്റ്) | 19500 | 250 | 300 | നിയമാനുസൃതം ഈടാക്കി | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 59/21-01-2020) അധിക തുകയ്ക്കുള്ള പോളിസി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-27 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ തുക ഡെപ്പോസിറ്റ് ചെയ്തു.

(a) പ്രോജക്ട് നം. SO 009/19

പേര് - കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ജനറൽ)

അടങ്കൽ- ധനകാര്യകമ്മീഷൻ -2500000

ചെലവ് തുക -ബിൽ നം. 35/29.10.2018-2500000

(b)

പ്രോജക്ട് നം. SO 146/19 (ജനറൽ)

അടങ്കൽ തുക – 518652/- (തനത്ഫണ്ട്)

ചെലവ് പത്രിക പ്രകാരം ചെലവില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മുൻവർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകയിൽ എസ്.സി വിഭാഗത്തിൽ 540945/ രൂപയും ജനറൽ വിഭാഗത്തിൽ 518652/- രൂപയും ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 6.6.2018ലെ തീരുമാനം 4(2) പ്രകാരം അവശേഷിച്ച തുക മറ്റ് വിഹിതം തനത് ഫണ്ട് ഗണത്തിൽ കണക്കാക്കി പ്രോജക്ട് തയ്യാറാക്കുന്നതിനും എസ്.സി.പി ഫണ്ടിൽ മിച്ചം വന്ന തു പട്ടികജാതി വിഭാഗത്തിൽ തന്നെ ചെലവഴിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. മേൽ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാട്ടർ അതോറിറ്റിയുടെ ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരം ക്രമ നമ്പർ a,b എന്നിവയിലെ പ്രോജക്ടുകൾക്കായി ആ 2951000/- രൂപയായിരുന്നു ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ വാട്ടർ അതോറിറ്റിയുമായി വച്ചിട്ടു എഗ്രിമെന്റ് പ്രകാരം ആകെ 3018652/- രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്(മേൽ പരാമർശിച്ചിട്ടുള്ള രണ്ട് പ്രോജക്ടുകൾക്കുമായി ആകെ 2500000+518652 = 3018652/-). വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ തു ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നു.

2. വാട്ടർ അതോറിറ്റിയിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 28 ന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട തുകയേക്കാൾ അധിക തു ഡെപ്പോസിറ്റ് ചെയ്യേണ്ടി വന്നത്, 518652/- രൂപ വാട്ടർ അതോറിറ്റിയിൽ നിലനിന്ന തുകയായതിനാലാണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വാട്ടർ അതോറിറ്റി നൽകിയ ഡീറ്റയിൽഡ് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ പൈപ്പ് ലൈ ദീർഘിപ്പിക്കലിനായി നൽകിയ നടപടി അംഗീകരിക്കാനാവില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാ ശ്രദ്ധിക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-28 അംഗൻവാടി വർക്കർ/ഹെൽപ്പർ ഓണറേറിയം തുക- പ്രോജക്ട് ആവിഷ്കരിച്ചതിലെ അപാകതകൾ

പ്രോജക്ട് നം. SO 150/19

പേര് - അംഗൻവാടി വർക്കർ/ഹെൽപ്പർ ഓണറേറിയം കുടിശിക

അടങ്കൽ- വികസനഫണ്ട് -61320

ചെലവ് തുക -ബിൽ നം. 31/5.10.2018-613200

28 അങ്കണവാടികളിൽ ജോലിചെയ്യുന്ന വർക്കർമാർ/ഹെൽപ്പർമാർ എന്നിവർക്ക് 2017-18 വർഷത്തെ 11 മാസത്തെ ഓണറേറിയം പഞ്ചായത്ത് വിഹിതം കുടിശിക നൽകുന്നതിന് ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയാണിത്. പ്രസ്തുത പ്രോജക്ടി അധികവിവരങ്ങളിൽ 25.08.2018ലെ 6345/2018/ധന. ഉത്തരവ് പ്രകാരം പ്രസ്തുത തുക 2235-02-102-05 എ ഹെഡ്ഡിലേക്ക് മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതായി രേഖപ്പെടുത്തിയിരിക്കു

എന്നാൽ പ്രസ്തുത ഉത്തരവിന്റെ ക്രമ നം. 5 പ്രകാരം അംഗൻവാടി തൊഴിലാളികളുടേയും സഹായികളുടേയും 2018-1 സാമ്പത്തികവർഷത്തെ 6 മാസത്തെ പ്രതിഫല തുക പ്രാദേശിക സർക്കാറുകൾക്കുള്ള വികസനഫണ്ടിന്റെ രണ്ടാ ഗഡുവിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. മേൽ ഉത്തരവിൽ 2018-19 സാമ്പത്തിക വർഷത്തെ 6 മാസത്തെ പ്രതിഫലതുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ നിർദ്ദേശിച്ചിരിക്കെ എപ്രകാരമാണ് 2017-1 വർഷത്തെ ഓണറേറിയം കുടിശിക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത് എന്ന് വ്യകതമല്ല. ഇത് സംബന്ധിച്ച ഓഡി എൻക്വയറി നം. 30 ന് ശിശുവികസന ഡയറക്ടറുടെ 15.3.2018ലെ ICDS/B6/6286/17 നം സർക്കുലർ പ്രകാരമാണ അപ്രകാരം ചെയ്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ഇതിൽ നിന്നും പ്രോജക്ടിൽ തെറ്റായ സർക്കാർ ഉത്തര രേഖപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു. പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോ അപാകതകളുണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഈ വിഷയത്തി ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സൻസദ് ആദർശ് യോജന പ്രവർത്തനങ്ങൾ-അപാകതകൾ

പ്രോജക്ട് നം. SO 104/19(സ്പിൽ ഓവർ)

പേര് - സൻസദ് ആദർശ് യോജന പ്രവർത്തനങ്ങൾ

അടങ്കൽ- തനത്ഫണ്ട് -165400

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ്- ചെക്ക് നം. 74099/3.5.2018-151

74838/31.5.18-2520

74098/3.5.2018-11200

277460/5.6.2018-33752

74896/20.7.18-1700

ബേസ് ലൈൻ സർവ്വേ നടത്തുന്നതിനും വില്ലേജ് ഡവലപ്മെന്റ് പ്ലാൻ രൂപീകരിക്കുന്നതിന് അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി ആവിഷ്കരിച്ചിരുന്ന പദ്ധതിയാണിത്.

പ്രസ്തുത പദ്ധതിയ്ക്കായി ദാരിദ്ര്യ ലഘൂകരണവിഭാഗത്തിൽ നിന്ന് ഐ.ഒ.ബിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് 5000 രൂപ 4.7.2018ൽ ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കിയ ചെലവുരേഖകൾ പ്രകാരം49323 രൂപയാണ് ഈയിനത്തിലെ ചെലവ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ 33742/- രൂപയാണ് ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നത പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണവിഭാഗത്തിന് 27.11.2019ൽ നൽകിയിരിക്കുന്ന യു.സി പ്രകാരം 50000/- രൂ ചെലവഴിച്ചിട്ടുണ്ട് യഥാർത്ഥ ചെലവുകണക്കുകൾ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജ

ഡയറക്ടർക്ക് നൽകിയ വിനിയോഗസാക്ഷ്യപത്രം എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച ഓഡി എൻക്വയറി 31 ന് ദാരിദ്ര്യലഘൂകരണ വിഭാഗത്തിന് നൽകിയിരിക്കുന്ന യു.സിയും ചെലവു കണക്കുകളുമായ പൊരുത്തപ്പെടുന്നുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. കണക്കുകളിലെ പൊരുത്തക്കേടുക പരിശോധിക്കേണ്ടതും അപാകതകൾ പരിഹരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## 1-30 പി.ഡബ്ല്യൂ.ഡിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക-കണക്കുകളിൽ പൊരുത്തക്കേട്

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ 2018-19 വർഷം B18 ഷെഡ്യൂൾ പ്രകാരം പബ്ളിക് വർ ഡിപ്പാർട്ട്മെന്റിൽ 4668884 രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ നീക്കിയിരിപ്പുണ്ട്. 2017-18 വർഷത്തെ വാർഷിക ധനകാര പത്രിക പ്രകാരം ഈയിനത്തിലെ നീക്കിയിരിപ്പ് 4780000 രൂപയാണ് . പ്രസ്തുത തുകകൾ തമ്മിലുള്ള വ്യത്യാസത്തിന കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 57 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 141/17-18, പ്രോജക്ട് നം. 144/17-18 എന്നിവ പ്രകാരം അങ്കണവാടികളുടെ നിർമ്മാണം, നെടുത്തോ അങ്കണവാടി നിർമ്മാണം എന്നിവയ്ക്കായി എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി 4640000/- രൂപ പബ്ളിക് വർ ഡിപ്പാർട്ടുമെന്റിൽ 2017-18-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ പി.ഡബ്ല്യൂ.ഡിയിൽ നിന്ന് കെട്ടിട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്നും പഴയകെട്ടിടങ്ങ പൊളിച്ചുമാറ്റണമെന്ന് പി.ഡബ്ള്യൂ.ഡി കത്ത് ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത പൊളിച്ചുമാറ്റുന്നതിന് ലേലനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി കത്ത് സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ടെന്ന ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തി പൂർത്തികരി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-31 കല്ലറ വാട്ടർഷെഡ് പഞ്ചായത്ത് വിഹിതം നൽകൽ- ആക്ഷൻ പ്ലാനിന് അംഗീകാരം ലഭിച്ചില്ല

പ്രോജക്ട് നം. S0027/19

പേര് - കല്ലറ വാട്ടർഷെഡ് പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ - വികസനഫണ്ട് 194718

ചെലവ്- ബിൽ നം. 15/27.3.2019 -194718

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

കല്ലറ വാട്ടർഷെഡ് പദ്ധതിയ്ക്കായി പഞ്ചായത്തിന്റെ വിഹിതമായ 194718/- രൂപ വാട്ടർഷെഡ് സ്പെഷ്യൽ ടി.എസ്.പ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തിരുവനന്തപുരം ജില്ലാകളക്ടറുടെ 27.2.2016ലെ നടപടിക്രമങ്ങൾ പ്രകാരം ( 876/14-15/DPO/WGDP/TVPM/4) WGD പ്രോഗ്രാമിന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള 1165500 രൂപ പ്രസിഡന്റിന്റേയും കൃഷി ഓഫീസറുടേയും പേരിലുള്ള സ്പെഷ്യ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2014-15 വർഷത്തേയ്ക്ക് 1457095 രൂപയു വാട്ടർഷെഡ് ഡവലപ്മെന്റ് പ്രോഗ്രാമിനുള്ള ആക്ഷൻ പ്ളാനിന് ഡിസ്ട്രിക്റ്റ് ലെവൽ കോർഡിനേഷൻ കമ്മിറ്റ അംഗീകാരം നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്നത് വ്യക്തമല്ല

2. 2018-19 വർഷം വാട്ടർഷെഡ് ഡവലപ്മെന്റ് പ്രോഗ്രാമിനുള്ള ആക്ഷൻ പ്ലാനിന് ഡിസ്ട്രിക്റ്റ് ലെവൽ കോർഡിനേഷ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.44-ന് പശ്ചിമഘട്ട വികസനത്തിന്റെ മാർഗ്ഗരേഖപ്രകാര ആക്ഷൻ പ്ളാനിൽ ഉൾപ്പെടുത്തിയ തുകയുടെ 10% തുക തദ്ദേശഭരണസ്ഥാപനം വകയിരുത്തണമെന്ന് നിർദ്ദേശമുണ്ടെന്ന ആക്ഷൻ പ്ലാൻ 2018-19 വർഷത്തേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ട് ഇല്ല എന്ന കാരണത്താൽ അംഗീകാര ലഭിച്ചില്ലായെന്നുമാണ് അറിയിച്ചിരിക്കുന്നത്. ആക്ഷൻ പ്ളാനിന് അംഗീകാരം ലഭിക്കുന്നില്ലായെങ്കിൽ തുക തിരിച ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർ ചെയ്യേണ്ടതാണ്.

## 1-32 കിണർ റീചാർജ്ജ്- പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് നടപ്പിലാക്കി

പ്രോജക്ട് നം. S0030/19

പേര് - കിണർ റീചാർജ്ജ്

അടങ്കൽ - വികസനഫണ്ട് 720000

ബ്ളോക്ക് പഞ്ചായത്ത് വിഹിതം 288000

ജില്ലാപഞ്ചായത്ത് വിഹിതം 432000

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) 160000

ചെലവ്- ബിൽ നം.10/17.1.19 -144000

ബിൽ നം. 13/2.2.19-216000

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

200 ഗുണഭോക്താക്കൾക്ക് കിണർ റീചാർജ്ജിംഗിന് ആനുകൂല്യം നൽകുന്നതിനായി ആവിഷ്കരിച്ചിരു പദ്ധതിയാണിത്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നതരത്തിൽ ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ അപ്രകാര ചെയ്തിട്ടുള്ളതായി കാണുന്നില്ല. 50 ഗുണഭോക്താക്കൾക്ക് 7200/- രൂപ നിരക്കിൽ വാല്യൂവേഷന്റെ അടിസ്ഥാനത്തി ആനുകൂല്യം നൽകിയതായി കാണുന്നു. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നതിനായി പദ്ധ

ആവിഷ്കരിക്കുകയും പദ്ധതി റിവൈസ് ചെയ്യാതെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് പരാമാവധ നൽകാവുന്ന 8000/- രൂപയിൽ നിന്ന് ഗുണഭോക്തൃവിഹിതം കുറവ് ചെയ്ത് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. പ്രോജക റിവൈസ് ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം ഉണ്ടാകുമെന്നതിനാലും ഗുണഭോക്താക്കൾക ഗുണഭോക്തൃവിഹിതം ഒടുക്കി പദ്ധതിയുടെ ഭാഗമാകാൻ കഴിയാത്തതിനാലുമാണ് അപ്രകാരം ചെയ്തതെന്ന ഗുണഭോക്തൃവിഹിതത്തിന് തുല്യമായ മൂല്യം പ്രവൃത്തി ഗുണഭോക്താവ് ചെയ്തിട്ടുണ്ടെന്ന എ.ഇയുടെ സാക്ഷ്യപത്രത്തിലെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃവിഹിതം കുറവ് വരുത്തി സബ്സിഡി നൽകിയിട്ടുള്ളതെന്നുമാണ് വിശദീകരണ (ഓഡിറ്റ് എൻക്വയറി നമ്പർ 47 -ന്റെ മറുപടി). ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധര രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) അനുസരിച്ച് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റ പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആണ് റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടര എന്നാൽ കല്ലറ ഗ്രാമ പഞ്ചായത്തിൽ ഇത്തരം പദ്ധതികൾ, കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് നടപ്പിലാക്കി വരുന്നര റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവൃത്തി നടത്തിപ്പിൽ അവ്യക്തര ഉണ്ടാക്കുന്നതിനും, പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ്ചെലവിനും കാരണമാകുന്നു. പഞ്ചായത്ത്, ചെറിര പദ്ധതിൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് പകരം, പൂർണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക ജനോപകാരപ്രദമായ സമഗ്രപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ മാത്രമേ പഞ്ചായത്തിന്റെ കാലികമാര വികസനം ത്വരിതപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

## 1-34 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികം കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡേറ്റാ ബേന ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.റ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/201 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വികസറ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-35 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല.

16-11-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 xii (ഇ) യിലും 29-03-2017 ലെ 72/2017 തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എ.ഇ. നിർവ്വഹണോദ്യോഗസ്ഥനായി 2018-19-ൽ അംഗീകാര

ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ 3എണ്ണം തൻവർഷവും നടപ്പാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 20/13.01.2020 ന്റെ മറുപടി). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 01 | 118/19 | കാർഷികോൽപ്പന്ന വിപണന കേന്ദ്രം വനിത | 453775/- (വികസനഫണ്ട് പൊതുവിഭാഗം) |
| 02 | 123/19 | കല്ലറ ബസ് സ്റ്റാൻഡിൽ ഓപ്പൺ എയർ ആഡിറ്റോറിയം | 500000/- (തനത് ഫണ്ട്) |
| 03 | 130/19 | കല്ലറ അറവുശാല ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ-ചുറ്റുമതിൽ നിർമ്മാണം | 2001000/-(വികസനഫണ്ട് പൊതുവിഭാഗം-501000/-,ബ്ലോക്ക് പഞ്ചായത്തി വിഹിതം-1500000/-) |

സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുവാൻ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹണോദ്യോഗസ്ഥനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഓഡിറ്റ് ഇംപാക്ട്- സ്ഥാപിക്കാത്ത നെയിം ബോർഡിന് തുക അനുവദിച്ചു. 3025/- രൂപ തിരികെ ഒടുക്കുവരുത്തി

പ്രോജക്ട് നമ്പർ- SO112/19

പ്രോജക്ടിന്റെ പേര്- തോട്ടമുക്ക് കുറക്കോട് റോഡ് ഇരപ്പിന് തല റോഡ് എർത്ത് വർക്കും സൈഡ് വാൾ കെട്ടലും

അടങ്കൽ- 151360/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 150888/-

കരാറുകാരൻ- ശ്രീ.ഷംനാദ്. എൻ.എസ്.

അളവ് പുസ്തക നമ്പർ- 115/18-19

ബിൽ നം - 45/18-19 തീയതി.09.03.19

മേൽ പദ്ധതി പ്രകാരം ഉള്ള പ്രവൃത്തിയുടെ സംയുക്ത സ്ഥലപരിശോധനയിൽ പ്രവൃത്തിയുടെ എം ബുക്ക് ഇനം പ്രകാരമുള്ള Name Board (od. 17529/17-18 –Rs. 3025/-) സ്ഥലപരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. ഇ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 56/21.01.2020) നൽകിയതിനെതുടർന്ന് 3025/- രൂപ കരാറുകാരനായ ശ്രീ ഷംനാദ് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ 21.01.2020ൽ രസീത് നം 13/38704 പ്രകാരം തിരികെ ഒടുക്കു വരുത്തിയിട്ടുണ്ട് പ്രസ്തുത തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് റീപേയ്മെന്റ് ഹെഡിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 ലൈഫ് പ്രോജക്ടിന് നൽകിയ ബ്ലോക്ക് വിഹിതം - വിനിയോഗ

## സാക്ഷ്യ പത്രം ലഭിക്കാനവശേഷിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

ബ്ലോക്ക് തല ലൈഫ് പ്രോജക്ടുമായി ബന്ധപ്പെട്ട് വാമനപുരം ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയ ചുവടെ ചേർക്കുന്ന തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.52/21.01.2020 ന് ലഭ്യമാക്കിയ മറുപടി).

| ക്രമ നം | പ്രോജക്ട് നം | ഫണ്ട് | ബിൽ നം/തീയതി | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | പി.എം.എ.വൈ(എസ്.സി.പി), Proj.S0047/19 | വികസനഫണ്ട് (SCP) | 18020352007500229004/18.06.18 | 3,50,000/- | 3,50,000/- |
| 2 | പി.എം.എ.വൈ (ജനറൽ) Proj.S0044/19 | വികസനഫണ്ട് (Gen) | 18020352007500229002 / 18.06.18 | 3,50,000/- | 3,50,000/- |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 എസ്സ്.സി. വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വാങ്ങൽ - അപാകങ്ങൾ

പ്രോജക്ട് നമ്പർ: 35

അടങ്കൽ തുക: 4,80,000/- രൂപ (വികസന ഫണ്ട് – എസ്.സി.പി)

ചെലവഴിച്ചത്: 4,36,800/- രൂപ

2018-2019 വർഷത്തിൽ കല്ലറ ഗവൺമെന്റ് എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യാഗസ്ഥനായുള്ള പ്രോജക്ടിൽ എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് നൽകിയ ടെണ്ടർ നോട്ടിഫിക്കേഷനിൽ Stainless Steel Armless Chair Cushion seat and back എന്ന് പറഞ്ഞിരുന്നു. എന്നാൽ വിതരണം ചെയ്ത കസേര Armless Chair Cushion Seat and back ആയിരുന്നില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (26/14.01.2020) മറുപടിയായി ടെണ്ടർ നോട്ടിഫിക്കേഷനിൽ പറഞ്ഞ പ്രകാരമുള്ള കസേര ലഭ്യമല്ലാതിരുന്നതിനാലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടിയിരുന്നതിനാലും കൂടുതൽ ഗുണമേന്മയുള്ള Armed Chair വാങ്ങി നൽകി എന്ന് അറിയിച്ചിട്ടുണ്ട്. ഗുണമേൻമയുള്ള ഫർണീച്ചറുകൾ ടെണ്ടർ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തി അത് തന്നെ ലഭിച്ചു എന്ന് ഹെഡ്മാസ്റ്റർ ഉറപ്പ് വരുത്തിയിട്ടില്ല. ടെണ്ടർ നോട്ടിഫിക്കേഷനിൽ പറയുന്ന ഉത്പന്നം തന്നെയാണ് വിതരണത്തിന് ലഭ്യമാക്കുന്നത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

ഫർണീച്ചർ വിതരണം ചെയ്ത മലയടിയിൽ ഇലക്ട്രിക്കൽ എന്ന സ്ഥാപനം നിയമപ്രകാരമുള്ള വരുമാന നികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയില്ല.

ഫർണീച്ചറുകൾ ലഭിച്ച വിദ്യാർത്ഥികൾ അവർക്ക് മറ്റു സ്രോതസ്സുകളിൽ നിന്നും സമാനമായ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ പൂർണമായും പാലിച്ച് ടെണ്ടർ മാത്ര

സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-39 പത്താം ക്ലാസ്സ് തുല്യത പഠനം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ: 82

പ്രോജക്ടിന്റെ പേര്- പത്താം ക്ലാസ്സ് തുല്യത പഠനം, പഠിതാക്കൾക്ക് ഫീസ് നൽകൽ

അടങ്കൽ തുക: 64,750/- രൂപ (വികസനഫണ്ട്)

ചെലവഴിച്ചത്: 64,750/- രൂപ

നിർവ്വഹണോദ്യാഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രസ്തുത പ്രോജക്ട് പ്രകാരം 35 വിദ്യാർത്ഥികൾക്ക് 1850/- രൂപ വീതം പരീക്ഷാ ഫീസ് ഇനത്തിൽ നൽകിയിട്ടുണ്ട പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരി എന്ന് നിർവ്വഹണോദ്യോഗസ്ഥന് ഉറപ്പ് വരുത്താനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി (26/14.01.2020) മറുപടിയായി ആദ്യമായി പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയായതിനാൽ നടത്തിപ്പി പരിചയക്കുറവുണ്ടായിരുന്നു എന്നാണ് അറിയിച്ചത്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തി ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പഞ്ചായത്തിലെ കായിക ടീം രൂപീകരണവും പരിശീലനവും- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

അടങ്കൽ തുക: 60,000/- രൂപ (വികസനഫണ്ട് – പൊതുവിഭാഗം)

ചെലവഴിച്ചത്: 59,920/- രൂപ

നിർവ്വഹണോദ്യാഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

60 പരിശീലനാർത്ഥികളെ നാല് ബാച്ചുകളായി (ക്രിക്കറ്റ്, ഫുട്ബാൾ, കബഡി, വോളിബോൾ) ടീം രൂപീകരി ഒരാൾക്ക് 30 ദിവസത്തെ പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം കബഡിക്ക് 11 ദിവസവും, വോളിബോളിന് 11 ദിവസവും മാത്രമാണ് പരിശീലന നൽകിയത്. ക്രിക്കറ്റ്, ഫുട്ബാൾ എന്നീയിനങ്ങൾക്ക് പരിശീലനം നൽകിയിട്ടില്ല. ഒരാൾക്ക് 500/- രൂപ വീത പരിശീലന ചെലവായി വകയിരുത്തി തയ്യാറാക്കിയ പദ്ധതി ഇത്രയും കുറവ് ദിവസത്തെ പരിശീലനം നൽകിയത് വഴ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോ പരിശീലനാർത്ഥികൾക്ക് ഉപയോഗപ്രദമായ രീതിയിൽ നടപ്പാലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 പട്ടികജാതി വനിതകൾക്ക് പി.വി.സി. വാട്ടർ ടാങ്ക് വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ: 65/2019

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതിയുടെ പേര്: പട്ടിക ജാതി വനിത വിഭാഗത്തിന് പി.വി.സി. വാട്ടർ ടാങ്ക് വാങ്ങി നൽകൽ

അടങ്കൽ - വികസന ഫണ്ട് (എസ്.സി.പി) - 4,35,000/-

ഗുണഭോക്തൃ വിഹിതം- സ്ഥാപനത്തിൽ അടയ്ക്കുന്നത്- 1,45,000/- രൂപ

ചെലവ് - 1,49,100/- രൂപ

പട്ടികജാതി വനിതകൾക്ക് പി.വി.സി. വാട്ടർ ടാങ്കുകൾ ( 45 എണ്ണം) വാങ്ങി നൽകുന്നതിനുള്ള പദ്ധതിയിൽ വാട്ട ടാങ്കുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തിരുന്നത് ഓഷ്യൻ പോളിമേഴ്സ്, അത്താണി പെരിങ്ങണ്ടൂർ എന്ന സ്ഥാപനമാണ്. എന്നാൽ അതിനേക്കാൾ കൂടിയ തുക ക്വാട്ട് ചെയ്ത അരുൺ പോളിമേഴ്സ്, തിരുമംഗലം രാജപാളയം, മധുരൈ എന്ന സ്ഥാപനത്തിൽ നിന്നാണ് വാട്ടർ ടാങ്ക് വാങ്ങിയിരിക്കുന്നത്. ഇതിന്റെ കാരണം ആരാഞ്ഞ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (64/21.01.2020) മറുപടിയായി ടാങ്കിന് ഗുണനിലവാരമില്ലാത്തതിനാലാണ് കൂടുതല തുക ക്വാട്ട് ചെയ്ത കമ്പനിയിൽ നിന്നും വാട്ടർ ടാങ്ക് വാങ്ങിയതെന്നാണ് നിർവ്വഹണോദ്യാഗസ്ഥൻ അറിയിച്ചത്. എന്നാല കുറഞ്ഞ വില ക്വാട്ട് ചെയ്ത കമ്പനിയുടെ വാട്ടർ ടാങ്കിന്റെ ഗുണനിലവാരം കുറവാണോയെന്ന് പരിശോധിച്ച് പ്രൊക്യൂർമെ കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

## 1-42 ഹരിത കർമ്മ സേന- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

പ്രോജ. നം. S0143/19 –ഹരിത കർമ്മ സേന ഓണറേറിയം പ്രവർത്തന ചെലവുകൾ

ഫണ്ട് - കേന്ദ്രാവിഷ്കൃത ഫണ്ട്(ശുചിത്വ മിഷൻ ഫണ്ട്)

അടങ്കൽ - 3,93,975/-

ചെലവ് - 31900/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

ഗ്രാമപഞ്ചായത്ത് മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനയ്ക്ക് ഓണറേറിയം, പൊതു സംവിധാന ഒരുക്കുന്നതിനുള്ള ചെലവുകൾ, പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി ഒരു വാർഡിന് 23,175/- രൂപ വകയിരുത്തി 1 വാർഡുകൾക്കായി 3,93,975/- രൂപ ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് വകയിരുത്തി രൂപീകരിച്ച പ്രോജക്ടിൽ ഹരിത കർമ്മ സേനയ്ക്ക് യൂണിഫോം കോട്ട്, ഐഡി കാർഡ്, കളക്ഷൻ ബാഗ് എന്നിവ “WE Ten Eco Group, Kachani”-ൽ നിന്നു വാങ്ങിയ ഇനത്തിൽ 31,900/- രൂപയുടെ ചെലവാണ് പദ്ധതി വർഷം നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായ വിഭാവനം ചെയ്തിരുന്ന തുടർ പ്രവർത്തനങ്ങളൊന്നും തന്നെ തൻ വർഷം നിർവ്വഹിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി ന 53/21.01.2020-ന് ലഭ്യമാക്കിയ മറുപടി). വരുന്ന വർഷങ്ങളിൽ ശുചിത്വ മിഷൻ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള തുട പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനായി വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-43 വീട് വയറിംഗ് - പ്രോജക്ട് നിർവ്വഹണത്തിൽ മാർഗ്ഗ രേഖ

# നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജ. നം. S025 /19 – വീട് വയറിംഗ് (SCP) -

അടങ്കൽ - 45,000/- (വികസനഫണ്ട് - SCP)

ചെലവ് - 18,000/-

ബിൽ നം. <u>18020352007500959746/19.12.18</u>

18020352007501209088/15.02.19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പട്ടികജാതി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് വീട് വയറിംഗ് നടത്തുന്നതിന് സാമ്പത്തിക സഹായ അനുവദിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ സബ്സിഡി മാർഗ്ഗ രേ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 14.02.18-ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ. ഖ6.7.2 പ്രകാര വീട് വയറിംഗ് പ്രോജക്ടുകളിൽ മൂന്ന് പോയിന്റ് വയറിംഗ് നടത്തണം ആയത് വി.ഇ.ഒ അഥവാ ഓവർസിയർ പരിശോധ നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിം പൂർത്തിയാക്കിയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമുണ്ട്. മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തി കെ.എസ്.ബി.യിൽ ഇലക്ട്രിക് കണക്ഷനായി തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക 9000/- രൂ വീതം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. (ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.55/21.01.2020 ലഭ്യമാക്കിയ മറുപടി). ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. വിഷയം ബന്ധപ്പെട്ട വർക്കിം ഗ്രൂപ്പിന്റെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

# 1-44 വീട് വാസയോഗ്യമാക്കൽ - പണി പൂർത്തിയാക്കിയിട്ടില്ല.

<u>പ്രോജ. നം. S042 /19 – വീട് വാസയോഗ്യമാക്കൽ(SCP) -</u>

<u>അടങ്കൽ - 33,00,,000/-</u> (വികസനഫണ്ട് - SCP)

<u>ചെലവ് - 25,50,000/-</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പട്ടിക ജാതി വിഭാഗത്തിൽപെട്ട 22 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 1,50,000/- രൂപ വീത അനുവദിക്കുന്നതിന് എസ്.സി.പി. ഫണ്ട് വകയിരുത്തി 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ടാണിത ശ്രീമതി. ഷൈലജ , ശ്രീമതി ശാന്ത കെ , ശ്രീമതി ശ്യാമള പി. , ശ്രീമതി കമല റ്റി., ശ്രീമതി. ലീല എന്ന ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 75,000/- രൂപ അനുവദിച്ചതിന് ശേഷം രണ്ടാം ഗഡു തുക അനുവദിച്ചിട്ടില്ല. (ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.60/21.01.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.) ഒന്നാം ഗഡു തു അനുവദിച്ചതിനു ശേഷമുള്ള വിവരം ഫയലിൽ ലഭ്യമല്ല. പ്രസ്തുത ഗുണഭോക്താക്കൾ തുക വീട് വാസയോഗ്യമാക്കുന്നതി

ചെലവഴിച്ച എന്നതും പണി പൂർത്തിയാക്കി എന്നതും ഉറപ്പാക്കി ആവശ്യമായ പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥ നിർവ്വഹിക്കേണ്ടതും ബന്ധപ്പെട്ട പട്ടിക ജാതി വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് വിഷയത്തി ഉണ്ടാകേണ്ടതുമാണ്. ഫീൽഡ് പരിശോധന നടത്തി അനുവദിച്ച തുകയ്ക്ക് ആനുപാതികമായി പണ നിർവ്വഹിച്ചിട്ടില്ലാത്തപക്ഷം, തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ബന്ധപ്പെ വർക്കിംഗ് ഗ്രൂപ്പിന്റെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-45 ഒരേ ആവശ്യത്തിന് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിച്ചു. മാർഗ്ഗ രേഖയുടെ ലംഘനം

പ്രോജക്ട് നമ്പർ- SO42/19 - വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) അടങ്കൽ 33,00,000/- (SCP) ചെലവ് 25,50,000/-

SO149/19 – വീട് മെയിന്റനൻസ് (എസ്.സി.പി) അടങ്കൽ 1,50,000/- ( വികസനഫണ്ട് SCP) ചെലവ് – 75,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

2018-19 സാമ്പത്തിക വർഷം എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് 22 എസ്.സി. കുടുംബങ്ങളുടെ വീ വാസയോഗ്യമാക്കുന്നതിന് രൂപീകരിച്ച പ്രോജക്ടിൽ( SO42/19) നിന്ന് 18 ഗുണഭോക്താക്കൾക്ക് 2018-19 വർഷം തു അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിൽ നിന്ന് 4 ഗുണഭോക്താക്കൾക്കുകൂടി ധനസഹായം അനുവദിക്കാമെന്നിരിക്കെ ഇരേ ആവശ്യത്തിനായി SO149/19 എന്ന പ്രോജക്ട് രൂപീകരിച്ച് ഒരു ഗുണഭോക്താവിന് തുക അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ഒ ആവശ്യത്തിന് വ്യത്യസ്ത പ്രോജക്ട് രൂപീകരിക്കുന്നത് പദ്ധതി രൂപീകരണം മാർഗ്ഗരേഖ സ.ഉ. (കൈ)നം.17/2018 ത.സ്വ.ഭ.വ തീയതി 28.02.2018-ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

(ഓഡിറ്റ് എൻക്വയറി നം.61/21.01.2020 ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-46 ന്യൂട്രി മിക്സിന് 74460/- രൂപ അധികമായി നൽകി.

ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നം: 036301000070502 ൽ ചെക്ക് നം: 586903 പ്രകാരം 27.03.2019 2,64,789/- രൂപ (രണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി എഴുന്നൂറ്റി എൺപത്തി ഒൻപത് രൂപ) പിൻവലിച്ചിട്ടു എന്നാൽ പരിശോധനയ്ക്ക് നൽകിയ ചെക്കിന്റെ പകർപ്പിൽ രണ്ട് ലക്ഷത്തിനാൽപ്പത്തി എഴായിരത്തി എൺപത്ത ഒൻപത് രൂപയെന്നാണ് എഴുതിയിരിക്കുന്നനത്. കൂടാതെ അതേ ദിവസം ബാങ്ക് പാസ് ബുക്ക് പ്രകാരം 74,460/- രൂ കൂടി സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയതായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ചെലവി സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം കേ വിഹിതമിനത്തിലെ ചെലവ് 2,64,789/- രൂപയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തി (42/18.01.2020) മറുപടിയായി പ്രസ്തുത ചെക്കിലെ തുകയിൽ 1,90,329/- രൂപ കല്ലറ സപ്ലൈകോയ്ക്കും, 74,460/- രൂപ വി മിക്സ് ന്യൂട്രി മിക്സിനും നൽകുന്നതിനായി അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ 'ഇന്ത്യൻ ഓവർസീസ് ബാങ്കിൽ നിന്നു മുഴുവൻ തുകയും സപ്ലൈകോയ്ക്ക് തെറ്റായി ക്രെഡിറ്റ് ചെയ്യുകയും 74,460/- രൂപ വി ഇ ന്യൂട്രി മിക്സി

നൽകുകയാണുണ്ടായതെന്ന് അറിയിച്ചു. സപ്ലൈകോയ്ക്ക് അധികമായി നൽകിയ തുക അടുത്ത തവണ ബിൽ തു സപ്ലൈകോയ്ക്ക് നൽകിയപ്പോൾ ടി തുകയായ 74,460/- രൂപ കുറച്ചിട്ടുള്ളത് മാത്രമേ നൽകിയിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-47 അനുപൂരക പോഷകാഹാരം പദ്ധതി- ചെലവു രേഖകൾ ഹാജരാക്കിയില്ല. 314957/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം: 7/2019

അടങ്കൽ തുക : 16 ലക്ഷം രൂപ (10 ലക്ഷം വികസനഫണ്ട്, സാധാരണ വിഹിതം

6 ലക്ഷം കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവഴിച്ച തുക: 12,63,582/- രൂപ (998793 – വികസനഫണ്ട്,

264789- കേന്ദ്രാവിഷ്കൃത ഫണ്ട്) നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ്സ്. സൂപ്പർവൈസറുടെ അനുപൂരക പോഷകാഹാരം പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന പ്രകാരം 314957/-രൂപ ഫ്യൂവൽ ആന്റ് കോണ്ടിമെന്റ്സ് ഇനത്തിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെല സാധൂകരിക്കുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വൗച്ചറുകളുടെ അഭാവം ചൂണ്ടിക്കാണിച്ച് നൽകി ഓഡിറ്റ് എൻക്വയറിക്ക് (നം.42/18.01.2020) ലഭ്യമാക്കിയ മറുപടിയിൽ ഇക്കാര്യം വിശദീകരിച്ചിട്ടില്ല. ചെലവ് രേഖകളു അഭാവത്തിൽ 314957/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | ബിൽ നം, തീയതി, തുക | ഫ്യൂവൽ ആന്റ് കോണ്ടിമെൻറ്സ് ചെലവ് |
|---|---|---|
| 1 | 01, 07.08.20l 8, 3,15, 228 | 38,486/- |
| 2 | 04 24.10.20l 2,30,034/- | 20,125/- |
| 3 | 05, 24.10.20l 86,874/- | 22,926/- |
| 4 | 08, 26.01.20l9, 2,68,432/ | 13,185/- |
| 5 | 09, 26.02.20l9, 80,809/- | 13,690/- |
| 6 | 10, 20.03.20l9, 9,881/- | 9,881/- |
| 7 | 12, 25.03.2019, 7,535/- | 6,335/- |
| 8 | 38, 23.03.20l9, 2,64,789/- | 1,90,329/- |
| | ആകെ തുക | 314957/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- . **ഇല്ല.**

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

-

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകവർഷം ൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019 മുതൽ 20.07.2019വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1458/19 തീയതി 19.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | 8500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 8500 | ഇല്ല |
| | | 420000 | ഹരിതഭവനം | 420000 | ഇല്ല |
| | | 1803297 | ലൈഫ് ഭവനനിർമ്മാണം | 1803297 | |
| | | 85500 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 78000 | 7500 |
| | | 447041 | ലൈഫ് ഭവനനിർമ്മാണം | 447041 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | (S.C) | | |
| | | 69207 | പ്രോജക്റ്റിനെ സംബന്ധിച്ച വിശദീകരണം | 0 | 69207 |
| | | 60000 | ക്ഷീരസമൃദ്ധി | 60000 | ഇല്ല |
| | | 4250 | ജൈവ സമൃദ്ധി | ഇല്ല | 4250 |
| | ആകെ | 2897795 | | 2816844 | 80957 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 8500 | കേദാരം സമഗ്ര നെൽകൃഷി വികസനം | 8500 | ഇല്ല |
| | | 85500 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 78000 | 7500 |
| | | 1343975 | ലൈഫ് ഭവനനിർമ്മാണം | 1343975 | ഇല്ല |
| | | 187056 | ലൈഫ് ഭവനനിർമ്മാണം (S.C) | 187056 | ഇല്ല |
| | | 400000 | ക്ഷീരസമൃദ്ധി | 400000 | ഇല്ല |
| | | 288000 | കിണർ റീചാർജിംഗ് | ഇല്ല | 288000 |
| | ആകെ | 2313031 | | 2017531 | 295500 |

* ജില്ലാ പഞ്ചായത്തി വിഹിതം എ.എഫ്. എസ് പ്രകാരം വരവ് 2897795/- രൂപയാണ്.

** ബ്ലോക്ക്പഞ്ചായത്തി വിഹിതം എ.എഫ്. എസ് പ്രകാരംനീക്കിയിരിപ്പ് 671864/- രൂപയാണ്.

സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആയത് 2,95,500/- രൂപയാണ് - അപാകതയാണ്. വിശദീകരണ ലഭ്യമാക്കേണ്ടതാണ്.

| | 2017-18 B4 പ്രകാരം നീക്കിയിരിപ്പ് | 2018-19 RP31 പ്രകാരം വരവ് | ആകെ | സുലേഖ പ്രകാരം ചെലവ് | (2018-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 2897795 | 289795 | 2816838 | 80951 |
| ബ്ലോക്ക്പഞ്ചായത്ത് | 5212099 | 1253360 | 6465459 | 4001888 | 671864 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2500000 | - | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 540945 | - | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 518652 | - | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയു വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | G.O(MS)34/18 16.03.18<br>G.O(MS)168/18 18.5.18<br>G.O(MS)100/18 30.7.18<br>G.O(MS)110/18 13.8.18 | 31598631 | - | 0 | 31598631 |
| ഇ.എം.എസ് ഭവന പദ്ധതി | 83/2010/LSGD തി11.05.2010 | 14095500 | 2759299 | 2759299 | 0 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | | 2016-17 | 2 | ലേലകുടിശ്ശിക സംബ. | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിശദാംശം ലഭ്യമാക്കിയിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 125309437 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 110050479 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 314957/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-47 | 314957/- | ശ്രീമതി.ബിനിത.റ്റി.എ. ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിര മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിനിത.റ്റി.എ. ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ കല്ലറ ഗ്രാമ പഞ്ചായത്ത് | ശങ്കരമംഗലം, പൗഡിക്കോണം.പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 6 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 17 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 23 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 6 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 12 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 | 2 | |

| | | | |
|---|---|---|---|
| | തീയതി 10.07.2018 | | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2075/2017 തീയതി 10.07.2018 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2109/2017 തീയതി 30.08..2018 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/157/ 2019തീയതി 27.04.2019 | 39 | |

(ഒപ്പ്
ഡെപ്യൂട്ടി ഡയറക്ട
കേരള സംസ്ഥാന ഓഡിറ്റ് വകു

# <u>അനുബന്ധം I ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാ നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോള ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കല്ല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കല്ലറ ഗ്രാ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയി അവതരിപ്പിക്കുന്നു.

(ഒപ്പ്
ഡെപ്യൂട്ടി ഡയറക്ട
കേരള സംസ്ഥാന ഓഡിറ്റ് വകു